## പതിമൂന്നാം കേരള നിയമ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :413 09.02. 2016 ൽ മറുപടിക്ക്

### സൗജന്യ എൽ.ഇ.ഡി. ബൽബുകൾ

ചോദ്യം
ശ്രീ. എ. പ്രദീപ്കുമാർ

ഉത്തരം
ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഗാർഹിക വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണം എത്രയാണ് ; എല്ലാ ഉപഭോക്താക്കൾക്കും ഒൻപത് വാൾട്ടിന്റെ രണ്ട് എൽ.ഇ.ഡി ബൾബുകൾ സൗജന്യമായി നല്കാൻ തീരുമാനിച്ചിട്ടുണ്ടോ ; ഇത് എത്രയെണ്ണം വാങ്ങിയിട്ടുണ്ട്; ഏത് കമ്പനിയിൽ നിന്നാണ് ഇവ വാങ്ങിയത് ; വാങ്ങുന്നതിനായി ചെലവായ തുക എത്ര; ഒരു എൽ.ഇ.ഡി ബൾബ് ഉപഭോക്താവിന് നല്കുന്നതിൽ എത്ര തുക ചെലവ് വരും; ഇവ ഒരുമിച്ച് വാങ്ങുന്നതിലൂടെയുണ്ടായ നേട്ടം വിശദമാക്കാമോ ; ഏത് തീയതിക്കകം ഇവ വിതരണം ചെയ്യും ? | (എ) 31.12.2015-ലെ കണക്കനുസരിച്ച് സംസ്ഥാനത്തെ ആകെ ഗാർഹിക വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണം 91,06,800 ആണ്. ഗാർഹിക ഉപഭോക്താക്കൾക്ക് 9 വാട്ടിന്റെ എൽ.ഇ.ഡി ബൽബുകൾ സൗജന്യമായി നല്കാൻ തീരുമാനിച്ചിട്ടില്ല. എന്നാൽ എല്ലാ ഉപഭോക്താക്കൾക്കും സൗജന്യ നിരക്കിൽ 9 വാട്ടിന്റെ രണ്ട് എൽ.ഇ.ഡി ബൽബുകൾ വീതം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി 150 ലക്ഷം ബൽബുകൾ വാങ്ങാനും തീരുമാനിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി-യും കേന്ദ്ര സർക്കാരിന്റെ നാഷണൽ എൽ.ഇ.ഡി മിഷൻ പദ്ധതിയുടെ പങ്കാളിയായ എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡ് (ഇ.ഇ.എസ്.എൽ) എന്ന കേന്ദ്ര സർക്കാർ സ്ഥാപനവും തമ്മിലുള്ള ധാരണാ പത്രത്തിന്റെ അടിസ്ഥാനത്തിൽ ഇ.ഇ.എസ്.എൽ ടെണ്ടർ ക്ഷണിച്ച് തെരഞ്ഞെടുത്തിട്ടുള്ള ബജാജ്, വിപ്രോ, കോമ്പാക്ട് എന്നീ ഉൽപ്പാദകരിൽ നിന്നാണ് ഈ പദ്ധതിക്കാവശ്യമായ എൽ.ഇ.ഡി ബൽബുകൾ വാങ്ങാൻ ഉദ്ദേശിക്കുന്നത്. എല്ലാ നികുതികളും ഉൾപ്പെടെ 75.12 രൂപ നിരക്കിലാണ് ഇ.ഇ.എസ്.എൽ ബൽബുകൾ കെ.എസ്.ഇ.ബി സ്റ്റോറുകളിൽ എത്തിക്കുന്നത്. ഉപഭോക്താവിന് ഒരു എൽ.ഇ.ഡി ബൽബ് നൽകുന്നതിനായി നികുതി അടക്കം ഏകദേശം 20 രൂപയുടെ അധിക ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. അതിനാൽ ഒരു ബൽബിന് 95 രൂപ നിരക്കിലാണ് ഉപഭോക്താക്കൾക്ക് നല്കാൻ ഉദ്ദേശിക്കുന്നത്. (നോൺ പേയിംഗ് വിഭാഗത്തിൽപ്പെട്ടവർക്കും 1000 W വരെ കണക്ടഡ് ലോഡ് ഉള്ളതും പ്രതിമാസം 40 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കുന്നതുമായ വിഭാഗത്തിൽപ്പെട്ടവർക്ക് 10 രൂപ നിരക്കിലാണ് ബൽബുകൾ നല്കാൻ ഉദ്ദേശിക്കുന്നത്) ബൽബുകൾ ഒരുമിച്ച് വാങ്ങിക്കുമ്പോൾ കുറഞ്ഞ നിരക്കിൽ ലഭിക്കുന്നതിനാൽ അധിക സാമ്പത്തിക നഷ്ടം ഒഴിവാക്കാൻ സാധിക്കുന്നതാണ്. 2016 ജൂൺ മാസത്തോടെ പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ